പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4402.

21.03.2018 ൽ
മറുപടിക്ക്

## വനിതാ പോലീസ് സേനാംഗങ്ങളുടെ പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) പോലീസ് സേനയിലെ മുലയൂട്ടുന്ന അമ്മമാരും ഗർഭിണികളുമായ വനിതാ സേനാംഗങ്ങൾക്ക് നൈറ്റ് ഡ്യൂട്ടിയും പാറാവ് ഡ്യൂട്ടിയും ഉൾപ്പെടെയുള്ളവ നൽകുന്നതുമൂലം അവർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ; | (എ) | പോലീസ് സേനയിലെ മുലയൂട്ടുന്ന അമ്മമാരെയും ഗർഭിണികളായ വനിതാ സേനാംഗങ്ങളെയും നൈറ്റ് ഡ്യൂട്ടിയിൽ നിന്നും പാറാവ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കി വരുന്നുണ്ട്. വനിതകളായ പ്രതികൾ പോലീസ് സ്റ്റേഷനിൽ ഇല്ലാത്ത സമയങ്ങളിൽ, രാത്രി 8 മണി മുതൽ രാവിലെ 6 മണിവരെയുള്ള സമയങ്ങളിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ കഴിയുന്നത്ര ഡ്യൂട്ടികളിൽ നിന്നും ഒഴിവാക്കാറുണ്ട്. |
| (ബി) പരിശീലനകാലയളവിലുള്ള വനിതാ സേനാംഗങ്ങൾക്ക് പലപ്പോഴും വലിയ രീതിയിലുള്ള മാനസികപീഡനങ്ങൾ നേരിടേണ്ടിവരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പോലീസ് സേനയിലെ വനിത സേനാംഗങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ഈ സർക്കാർ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിവരിക്കുമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കുടുംബാംഗങ്ങളെ വിട്ടുനിന്ന് പരിശീലനത്തിൽ ഏർപ്പെടുന്നതിനാൽ മാനസിക സമ്മർദ്ദം ഉണ്ടാകാൻ സാദ്ധ്യതയുള്ളത് മുന്നിൽ കണ്ടുകൊണ്ട് ആയത് ലഘൂകരിക്കുന്നതിന് കൗൺസിലിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി കേരള പോലീസ് അക്കാദമിയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം പ്രയോജന പ്പെടുത്തിവരുന്നു. പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതാ സേനാംഗങ്ങൾക്ക് എല്ലാ ഞായറാഴ്ചകളിലും രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണിവരെ കുടുംബാംഗങ്ങളോടൊത്ത് പുറത്തുപോകുന്നതിനും സമയം ചെലവഴിക്കുന്നതിനും അനുവാദം നൽകിയിട്ടുള്ളത് മാനസിക സമ്മർദ്ദം കുറയ്ക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ്. |
| (സി) ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (സി) | ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ഒന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ